Draft #11 of File 3248/AC A1/1/2019/AC A 10 (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 22-Oct-2020 04:01 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

തുരുത്തിക്കാട്, ബി.എ.എം. കോളേജിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള വിഷയത്തിൽ ലഭിച്ച നിയമോപദേശം അംഗീകരിക്കുന്നതിനും പരാതിക്കാരന്റെ ലീഗൽ നോട്ടീസ് പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4960/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.10.2020

---

*പരാമർശം:*-1. ബി എ എം ട്രസ്റ്റ് സെക്രട്ടറി, പ്രൊഫ. റോയി കെ വർഗ്ഗീസ് 25.06.2019 ന് സമർപ്പിച്ച പരാതി

2.സർവ്വകലാശാല ഉത്തരവ് നം.1607/ACA1/2020/എം.ജി.യു തീയതി. 17.03.2020

3. 06.06.2020 തീയതിയിലെ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസലിന്റെ നിയമോപദേശം.

4. സിൻഡിക്കേറ്റ് മിനിറ്റ്സ് ഇനം നമ്പർ 29/20.05/3248/ACA1-1/2019/AcA10 തീയതി 13.10.2020

**<u>ഉത്തരവ്</u>**

തുരുത്തിക്കാട് ബി.എ.എം കോളേജിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ബി.എ.എം ട്രസ്റ്റ് സെക്രട്ടറി, പ്രൊഫ.റോയി കെ.വർഗീസ് പരാമർശം (1) പ്രകാരം ബഹു. വൈസ് -ചാൻസിലർക്ക് പരാതി സമർപ്പിച്ചിരുന്നു.

ടി വിഷയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർവ്വകലാശാലാ നിയമിച്ച അന്വേഷണ കമ്മീഷൻ പരാതിക്കാരൻ, ബി.എ.എം കോളേജ് പ്രിൻസിപ്പൽ, മാനേജർ എന്നിവരുടെ ഹിയറിംഗ് നടത്തുകയും, ഹിയറിംഗ് മിനിട്സും ഇരു കൂട്ടരും ഹിയറിംഗിൽ സമർപ്പിച്ച അനുബന്ധരേഖകളും ചേർത്ത് സർവ്വകലാശാല സ്റ്റാൻഡിങ് കൗൺസലിന്റെ നിയമോപദേശത്തിനായി പരാമർശം (2) പ്രകാരം സമർപ്പിക്കുകയും ചെയ്തു.

ടി വിഷയം സംബന്ധിച്ച OP(Scheme) 6/2006 എന്ന പരാതിക്കാരന്റെ ഹർജി പരിഗണിച്ച തിരുവല്ല സബ് ജഡ്ജ് 13.01.2010 -ലെ ഉത്തരവ് പ്രകാരം കോളേജ് നടത്തിപ്പിൽ ബി.എ.എം. ട്രസ്റ്റ് അസോസിയേഷന്റെ അവകാശം സ്ഥാപിച്ചുകൊണ്ട് ടി ഹർജി തള്ളിക്കളഞ്ഞിരുന്നു. ടി ഉത്തരവിനെതിരെ പരാതിക്കാരൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച FAO No. 165 of 2011 എന്ന അപ്പീൽ ഹർജിയും 26.05.2015 -ലെ ഹൈക്കോടതി ഉത്തരവ് പ്രകാരം തള്ളിക്കളഞ്ഞിരുന്നു. ആയതിനാൽ കോടതി തീരുമാനമെടുത്തിട്ടുള്ള വിഷയം വീണ്ടും പരിഗണിക്കുവാനോ ഇപ്പോഴത്തെ

മാനേജ്മെന്റിനെതിരെ നടപടിയെടുക്കുവാനോ ഉള്ള അധികാരം സർവ്വകലാശാലയ്ക്ക് ഇല്ലാത്തതിനാൽ ടി വിഷയം പരിഗണിക്കേണ്ടതില്ലെന്ന സ്റ്റാൻ ഡിങ് കൗൺസലിന്റെ പരാമർശം (3) പ്രകാരമുള്ള നിയമോപദേശം പരിഗണിച്ച സർവ്വകലാശാല സിൻഡിക്കേറ്റ്, സ്റ്റാൻഡിങ് കൗൺസലിന്റെ നിയമോപദേശം അംഗീകരിക്കുന്നതിനും, പരാതിക്കാരൻ ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള ലീഗൽ നോട്ടീസ് പരിഗണിക്കേണ്ടതില്ലെന്നും പരാമർശം (4) പ്രകാരം തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രൊഫ.റോയ് കെ വർഗീസ്, ബി എ എം ട്രസ്റ്റ്, സെക്രട്ടറി
2. പ്രിൻസിപ്പാൾ/മാനേജർ, ബി എ എം കോളേജ്, തുരുത്തിക്കാട്
3. വിസി/പിവിസി എന്നിവരുടെ പിഎസ് മാർ
4. രജിസ്ട്രാർ/എഫ് ഒ/സീ ഇ എന്നിവരുടെ പി എ മാർ
5. എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്)
6. എസിസി1/എസിസി2/എ.ടി.ആർ
7.കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ / എ.സി.എൽ.
8. കരുതൽ ഫയൽ/റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #11 of File 3248/AC A1/1/2019/AC A 10 (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 22-Oct-2020 04:01 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം